# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിടാത്ത</u>  
<u>ചോദ്യം നം. 883</u>

03-12-2014 ൽ  
<u>മറുപടിയ്ക്ക്.</u>

## <u>മാവേലിക്കര മണ്ഡലത്തിലെ പദ്ധതികൾ</u>

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.ആർ.രാജേഷ്:** | | **ശ്രീ. പി.ജെ. ജോസഫ്**<br>**(ബഹു. ജലവിഭവ വകുപ്പ് മന്ത്രി)** |
| (എ) | ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര മണ്ഡലത്തിൽ ജലവിഭവ വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തി കളുടെയും, പദ്ധതികളുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര മണ്ഡലത്തിൽ ജലസേചന വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികളുടെയും പദ്ധതികളുടെയും വിശദാംശങ്ങൾ അനുബന്ധം-I ആയും കേരള ജല അതോറിറ്റി വഴി നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം-II ആയും ചേർത്തിരിക്കുന്നു.<br><u>ഭൂജല വകുപ്പ്</u><br>കൊല്ലം ജില്ലയിലെ മൺട്രോതുരുത്ത് ഗ്രാമപഞ്ചായത്തിലെ എം.പി.എൽ.എ.ഡി ഫണ്ട് ഉപയോഗിച്ച് ട്യൂബ്വെൽ നിർമ്മാണവും അനുബന്ധ കുടിവെള്ള പദ്ധതിയും, ആലപ്പുഴ ജില്ലയിലെ താമരക്കുളം ഗ്രാമപഞ്ചായത്തിൽ 2013 വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽ-പ്പെടുത്തി പാണുവേലിൽ കോളനി ചെറുകിട ജലവിതരണ പദ്ധതി പൂർത്തീകരിച്ചു. പദ്ധതി യുടെ പൂർത്തീകരണത്തിന് 11,17,849/- രൂപ ചെലവഴിച്ചു. |

| | | | |
|---|---|---|---|
| (ബി) | ജലവിഭവ വകുപ്പിൽ നിന്നും മാവേലിക്കര മണ്ഡലത്തിലെ പ്രവൃത്തികൾക്ക് തുക അനുവദി ക്കുന്നതിൽ വീഴ്ചയുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | മാവേലിക്കര മണ്ഡലത്തിൽ തഴക്കര കൊല്ലക്കടവ് പാലത്തിനു പടിഞ്ഞാറു ഭാഗത്ത് അച്ചൻകോവിലാറിന്റെ തീരത്ത് കുറ്റിവടക്കതിൽ മോഹനന്റെ വീട് ആറ്റുതീരം ഇടിഞ്ഞതിനെ തുടർന്ന് അപകടത്തിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | അച്ചൻകോവിലാറിന്റെ ഈ ഭാഗം സംരക്ഷണഭിത്തി കെട്ടുന്നതിന് തുക അനുവദിക്കുന്നതിനായി എം.എൽ.എ നൽകിയ കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആവശ്യമായ തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**